## പതിനാലാം കേരള നിയമസഭ

## പതിനൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1958 — 10.03.2020 ൽ മറുപടിയ്ക്ക്

### ടെൻഡർ വ്യവസ്ഥ പ്രകാരം പഞ്ചസാര ലഭ്യമാക്കാതിരുന്ന കമ്പനികൾക്കെതിരെ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ, | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഹെഡ് ഓഫീസിന്റെ പർച്ചേസ് ഓർഡർ പ്രകാരം സപ്ലൈ ചെയ്യേണ്ടിയിരുന്ന പഞ്ചസാര ടെൻഡർ വ്യവസ്ഥ പ്രകാരം യഥാസമയം ലഭ്യമാക്കാത്തതിനാൽ ധരണി ഷുഗേഴ്സ് & കെമിക്കൽസ് ലിമിറ്റഡ്, പൊന്നി ഷുഗർ (ഈറോഡ്) ലിമിറ്റഡ് എന്നീ കമ്പനികളിൽ നിന്നും പിഴയിനത്തിൽ 1.22 കോടി രൂപ ഈടാക്കുവാനും നിയമനടപടികൾ സ്വീകരിക്കുവാനും ധനകാര്യ പരിശോധന വിഭാഗം നൽകിയ ശിപാർശയിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ; | (എ) | ധരണി ഷുഗേഴ്സ് ആൻഡ് കെമിക്കൽസ് ലിമിറ്റഡ്, പൊന്നി ഷുഗർ (ഈറോഡ്) ലിമിറ്റഡ് എന്നീ കമ്പനികൾ സപ്ലൈകോയുടെ ടെൻഡറിൽ പങ്കെടുക്കുകയും പർച്ചേസ് ഓർഡർ നേടുകയും ചെയ്തിരുന്നു. പഞ്ചസാര മില്ലുകൾക്ക് പർച്ചേസ് ഓർഡറുകൾക്കൊപ്പം Payment ഉം റിലീസ് ചെയ്യേണ്ടതായിട്ടുണ്ട്. Advance Payment സാധാരണയായി മൂന്നോ നാലോ തവണകളിലായിട്ടാണ് വിതരണം നടത്താറുള്ളത്. ടെൻഡർ വ്യവസ്ഥ പ്രകാരം പഞ്ചസാര വിതരണം ചെയ്യുന്നതിനുള്ള പഞ്ചസാര മില്ലുകളുടെ ഉത്തരവാദിത്തം, സപ്ലൈകോ Advance Payment നൽകിയതിന് ശേഷം മാത്രമേ ആരംഭിക്കുന്നുള്ളൂ. ഈ രണ്ടു മില്ലുകളും സപ്ലൈകോ വിതരണം ചെയ്ത തുകയ്ക്കുള്ള പഞ്ചസാര വിതരണം ചെയ്തിട്ടുണ്ട്.<br>ഷുഗർ മില്ലുകൾക്ക് മുൻകൂർ തുക നൽകിയ തിയതി മുതലാണ് പിഴ കണക്കാക്കേണ്ടത്. എന്നാൽ ധനകാര്യ പരിശോധന വിഭാഗത്തിൻറെ പരിശോധനയിൽ ടി മില്ലുകൾക്ക് പർച്ചേസ് ഓർഡർ നൽകിയ തിയതി മുതൽ വിതരണം ചെയ്ത തിയതി വരെയുള്ള പിഴയാണ് കണക്കാക്കിയിട്ടുള്ളത്.<br>ധനകാര്യ പരിശോധന വിഭാഗത്തിന്റെ പരിശോധനയിൽ കണ്ടെത്തിയ വിഷയത്തെ സംബന്ധിച്ചുള്ള വിവരങ്ങൾ സപ്ലൈകോ ഡയറക്ടർ ബോർഡിന്റെ പരിശോധനയിലാണ്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത കമ്പനികൾക്ക് ചട്ടവിരുദ്ധമായി പർച്ചേസ് ഓർഡർ നൽകിയ എച്ച്.ഒ.എം.സി. അംഗങ്ങൾക്കെതിരെ കർശന അച്ചടക്കനടപടി സ്വീകരിക്കുവാൻ ധനകാര്യ പരിശോധനാ വിഭാഗം ശിപാർശ നൽകിയിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ? | (ബി) | ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ ശിപാർശയിന്മേൽ ധരണി ഷുഗേഴ് സ് ആൻഡ് കെമിക്കൽസ് ലിമിറ്റഡ്, പൊന്നി ഷുഗർ (ഈറോഡ്) ലിമിറ്റഡ് എന്ന കമ്പനികൾക്ക് ചട്ടവിരുദ്ധമായി പർച്ചേസ് ഓർഡർ നൽകിയ എച്ച്.ഒ.എം.സി. അംഗങ്ങൾക്ക് എതിരെ അച്ചടക്കനടപടി സ്വീകരിക്കുവാൻ സപ്ലൈകോയ്ക്ക് നിർദേശം നൽകിയിട്ടുണ്ട്. അതിൻപ്രകാരം ആരോപണ വിധേയർക്ക് കുറ്റപത്രം നൽകി തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ